## പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം :380 01.12.2015 ൽ മറുപടിക്ക്

### കെ.എസ്. ഇ.ബി. ജീവനക്കാരുടെ നിയമനം

ചോദ്യം
ശ്രീ.കെ.എം.മാണി

ഉത്തരം
ശ്രീ. ആര്യാടൻ മുഹമ്മദ്
(ഊർജ്ജ വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) കെ.എസ്.ഇ.ബി കമ്പനി ആയി രജിസ്റ്റർ ചെയ്ത ശേഷം ജീവനക്കാരുടെ നേരിട്ടുള്ള നിയമനം പി.എസ്.സി ക്ക് വിടുന്നതിലേക്ക് ഈ സർക്കാർ നാളിതുവരെ എന്തെല്ലാം നടപടി സ്വീകരിച്ചു ; | (എ)കെ.എസ്.ഇ.ബി എൽ-ലെ ജീവനക്കാരുടെ നേരിട്ടുള്ള നിയമനം കേരളാ പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേനയാക്കി സർക്കാർ 14.8.2014-ൽ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ബി) ജീവനക്കാരുടെ നേരിട്ടുള്ള നിയമനം എന്നു മുതലാണ് പി.എസ്.സി ക്ക് വിട്ടുകൊടുത്തത് ; | (ബി)1967 മുതൽ കെ.എസ്.ഇ.ബി ജീവനക്കാരുടെ നേരിട്ടുള്ള നിയമനം കെ.പി.എസ്.സി വഴിയാണ് നടത്തുന്നത്. കമ്പനി ആയി രജിസ്റ്റർ ചെയ്ത ശേഷവും നേരിട്ടുള്ള നിയനങ്ങൾ കെ.പി.എസ്.സി.വഴി നടത്തിവരുന്നു. |
| (സി) നേരിട്ട് നിയമനം നടത്തുന്നതിന് കമ്പനിയിൽ ഇപ്പോൾ എത്ര ഒഴിവുകൾ നിലവിലുണ്ട്; | (സി) 1391 ഒഴിവുകൾ. |
| (ഡി) ഈ ഒഴിവുകൾ പി.എസ്.സി ക്ക് റിപ്പോർട്ട് ചെയ്യാതെ അനധികൃതമായി നിയമനം നൽകിക്കൊണ്ടിരിക്കുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ; ഏങ്കിൽ എന്തു നടപടി സ്വീകരിച്ചുവെന്ന് അറിയിക്കുമോ; | (ഡി) കെ.എസ്.ഇ.ബി.ലിമിറ്റഡിൽ അനധികൃത നിയമനം നടക്കുന്നതായി ശ്രദ്ധയിൽപെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ